(ഇ) കയറ്റുമതികൊണ്ട് ഉണ്ടാകുന്ന നഷ്ടം എങ്ങനെ നികത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) - (ഇ) സിംഗപ്പൂരിലെ 'ടോംഗ്ടീക്' എന്ന കമ്പനി 50,000 മെട്രിക് ടൺ ആർ.എസ്.എസ്.-4 ഗ്രേഡ് റബ്ബർ ഇൻഡ്യയിൽനിന്നും കയറ്റി അയച്ചു വിപണനം നടത്താൻ സന്നദ്ധമാണെന്നു കാണിച്ച് കേന്ദ്രവാണിജ്യ സെക്രട്ടറിക് അയച്ച കത്തിന്റെ പകർപ്പ് റബ്ബർ ബോർഡ് ചെയർമാനു ലഭിച്ചു. അത് അദ്ദേഹം സംസ്ഥാന സർക്കാരിന് അയയ്ക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ച് മോണിറ്ററിംഗിനായി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇത് മന്ത്രിസഭ ചർച്ച ചെയ്യുകയും കയറ്റുമതിക്കാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുവാൻ ബോർഡിന് അനുമതി നൽകുകയും ചെയ്തു. കാർഷികോല്പാദന കമ്മീഷണർ ഇതു സംബന്ധിച്ച് കേന്ദ്ര വാണിജ്യകാര്യ സെക്രട്ടറിയുമായി ചർച്ച ചെയ്തിരുന്നു.

കയറ്റുമതിയിലുണ്ടാകുന്ന നഷ്ടം നികത്താമെന്ന കാബിനറ്റ് തീരുമാനം നിലവിലുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സഹായം ഉണ്ടാകണമെന്ന് സംസ്ഥാന കൃഷിവകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യവകുപ്പു മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സിംഗപ്പൂർ കമ്പനിയുടെ ഭാഗത്തുനിന്ന് വ്യക്തമായ നിർദ്ദേശങ്ങൾ ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.

126 (1858) കാഷ്യൂ ആക്ട്

ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ ആക്ടിന്റെ മാതൃകയിൽ കാഷ്യൂ നിയമ നിർമ്മാണത്തിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കാഷ്യൂ ഉല്പാദനം, സംഭരണ, വിതരണം എന്നിവ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി സമഗ്രമായ ഒരു കാഷ്യൂ ആക്ടിനു രൂപം നൽകാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കാഷ്യൂ ഉല്പാദനം, സംഭരണ, വിതരണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് കശുമാവ് വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

127 (1859) കൃഷിഭൂമി വെട്ടിനശിപ്പിച്ച സംഭവങ്ങൾ

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly